LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ

20 (*320) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. വി. ശശി :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ഏതെല്ലാം ;

(ബി) ആദിവാസികളുടെ സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിച്ചു വിൽക്കാൻ അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 145 ഇനം ചെറുകിട വനവിഭവങ്ങളാണ് കേരളത്തിലെ വനമേഖലയിൽനിന്നും ആദിവാസികൾ ശേഖരിക്കുന്നത്. ആയതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ആദിവാസികളുടെ സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിച്ച് വിൽക്കുവാൻ അനുമതി നിഷേധിച്ചിട്ടില്ല.

റിംഗ്സിൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം

21 (*321) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിംഗ്സിൻ വല (താങ്ങുവല) ഉപയോഗിച്ച് കടലിലെ പൊടി മീനടക്കം കോരിയെടുത്ത് മത്സ്യസമ്പത്തിന് വൻ ഭീഷണി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒഴുക്കുവല ഉപയോഗിക്കുമ്പോൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

500 കുതിരശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളുടെ തൊഴിലാളികൾഅടക്കം കൊല്ലിവലകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) റിംഗ്സിൻ വല കോരിയെടുക്കുന്നവയിൽ ആവശ്യമില്ലാത്തത് കടലിൽ തള്ളുന്നതിനാൽ, ചത്ത മീൻ തിന്നാനെത്തുന്ന കടൽമാക്രി, വല കടിച്ചു മുറിക്കുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വല നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് എന്ത പരിഹാരമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) താങ്ങുവള്ളത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ താങ്ങുവലയാണ് ഉപയോഗിക്കുന്നത്. KMFR Act പ്രകാരം പ്രസ്തുത വലകൾ നിരോധിച്ചിട്ടില്ല.

(സി) കടൽമാക്രി വല കടിച്ച് നശിപ്പിക്കുന്നതായി പരാതി ലഭിക്കുകയും ഇതനുസരിച്ച് വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 22-6-2011-ലെ 65/11/മത്സ്യ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുകയും അതിൻപ്രകാരം 4,99,686 രൂപ വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

22 (*322) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ പൊതു ജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly